**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5389 — 31.10.2016 ൽ മറുപടിക്ക്

## ചെട്ടികുളങ്ങര പ്രാഥമികാരോഗ്യ കേന്ദ്രം

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| ചെട്ടികുളങ്ങര ക്ഷേത്രത്തിന്റെയും, കായകുളം തിരുവല്ല സംസ്ഥാന പാതയുടേയും സമീപത്ത് സ്ഥിതിചെയ്യുന്ന ചെട്ടികുളങ്ങര പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ എല്ലാ സൗകര്യങ്ങളോടും കൂടിയ സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | കുറത്തിക്കാട് ബ്ലോക്കിൽ കുറത്തിക്കാട് സാമൂഹികാരോഗ്യകേന്ദ്രത്തിനു കീഴിലാണ് ചെട്ടിക്കുളങ്ങര പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്നത്. ടി ബ്ലോക്കിനു കീഴിൽ ചെട്ടിക്കുളങ്ങര കൂടാതെ ചെന്നിത്തല പ്രാഥമികാരോഗ്യകേന്ദ്രം, തഴക്കര പ്രാഥമികാരോഗ്യകേന്ദ്രം എന്നീ ആരോഗ്യ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ചെട്ടിക്കുളങ്ങര പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്ന് ഏകദേശം 6 കിലോ മീറ്റർ തെക്ക് മാറി കായംകുളം താലൂക്കാശുപത്രിയും ഏകദേശം 5 കിലോമീറ്റർ വടക്കുമാറി മാവേലിക്കര ജില്ലാ ആശുപത്രിയും പ്രവർത്തിച്ചുവരുന്നു. ടി ആശുപത്രികളിൽ എല്ലാ വിഭാഗങ്ങളും 24 മണിക്കൂറും പ്രവർത്തിച്ച വരുന്നുണ്ട്. സ്റ്റാൻഡർഡൈസേഷന്റെ ഭാഗമായി ഒരു റവന്യൂ ബ്ലോക്കിൽ ഒരു സാമൂഹികാരോഗ്യകേന്ദ്രത്തിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ക്രമീകരിക്കാനുമാണ് നടപടി സ്വീകരിച്ച വരുന്നത്. കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ